**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** | **29-07-2021 - ൽ മറുപടിയ്ക്ക്**

**നെൽ സഹകരണ സംഘങ്ങളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് സഹകരണ മേഖല ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | 1.മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS) ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാ പദ്ധതിയാണ് “മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS)” 2. സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (SLF) വായ്പാ പദ്ധതി കോവിഡ്- 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ കൂടി വിനിയോഗിക്കുന്നതിനുള്ള പദ്ധതിയാണ് സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (SLF) പദ്ധതി. 3. വിദ്യാതരംഗിണി പദ്ധതി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യാർത്ഥം മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ പലിശരഹിത വായ്പ നൽകുന്ന പദ്ധതിയാണ് ഇത്. കോവിഡ് മഹാമാരിയെ തുടർന്ന് ഓൺലൈൻ വഴി പഠനം നടത്തുന്ന തിനുള്ള സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർ ത്ഥികൾക്ക് ആയതു ലഭ്യമാക്കുന്നതിനു വേണ്ടി അതാത് പ്രദേശങ്ങളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹക രണ സംഘങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കനുസരിച്ച് അനുമതി നൽകുകയുണ്ടായി. 4. കൺസ്യൂമർ ഫെഡിന്റെ കോവിഡ് കാല ഇടപെടൽ കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരി ക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കൺസ്യൂമർഫെഡ് ഭക്ഷ്യ ശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്ട്സാപ് നമ്പരുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോംഡെലിവറിയായി വീട്ടു കളിലെത്തിച്ചു നൽകുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യസർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ് കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു. 5. ഹൗസിംഗ് ഫെഡറേഷൻ ഇളവ് നൽകി കോവിഡ് സാഹചര്യം പരിഗണിച്ച് ഹൗസിംഗ് ഫെഡറേഷൻ 2020 ഡിസംബർ മുതൽ പലിശയിനത്തിൽ ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. 6. മാസ്ക് നിർമ്മാണത്തിനും ക്ലോത്ത് ബാഗ് നിർമ്മാണത്തിനും വനിതാ ഫെഡ് വായ്പ 7. യുവജന ക്ഷേമത്തിനായി പുതിയ യുവജന സംഘങ്ങൾ 8.കലാകാരന്മാരുടെ ഉന്നമനത്തിനായി പ്രത്യേക സഹകരണ സംഘം 9. കോവിഡ് പ്രതിരോധ സാമഗ്രി നിർമ്മാണ യൂണിറ്റുകൾ |
| (ബി) | കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെൽ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നെൽ കർഷകരെ സ്വകാര്യ മില്ലുകളുടെ ചൂഷണത്തിൽ നിന്നു മുക്തരാക്കുന്നതിന് കുട്ടനാട്ടിൽ ആധുനിക അരിമില്ലുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ